13-10-2026

Point of Order

ക്രമപ്രശ്നം

ബിൽ കൊണ്ടുവന്നതിലെ ചട്ടലംഘനം സംബന്ധിച്ച്

ശ്രീ. എൻ. കെ. അക്ബർ: സർ, കേരളാ നിയമസഭ നടപടി ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. സഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ള 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ ചട്ട ലംഘനവും നിയമ പ്രശ്നവും ചൂണ്ടിക്കാണിക്കുകയാണ്. ഈ ബില്ലിന്റെ അവതരണവും ഉള്ളടക്കവുമായി ബന്ധപ്പെട്ട് ഗുരുതരമായ നിയമപരവും ചട്ടപരവുമായ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ഇതൊരു ക്രമപശ്നമായി സഭയിൽ ഉന്നയിക്കുകയാണ്.

ഒന്നാമതായി, നിയമസഭ നടപടി ചട്ടങ്ങളിലെ ചട്ടം 76 പ്രകാരം ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് മൂന്ന് ദിവസം മുമ്പെങ്കിലും പ്രസ്തുത ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കിയിരിക്കണം. ഈ ചട്ടം പൂർണമായും പാലിക്കാതെയാണ് ബിൽ അവതരണത്തിന് അനുമതി തേടിയിരിക്കുന്നത്.

രണ്ടാമതായി, ബില്ലിൽ ഭരണഘടനാപരമായ വൈരുദ്ധ്യം

നിലനിൽക്കുന്നുണ്ട്. ബില്ലിലെ 30-ാം വകുപ്പ് 7-ാം ഉപവകുപ്പിൽ 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രിമിനൽ നടപടി ചട്ടങ്ങൾ സംബന്ധിച്ച ഒരു കേന്ദ്ര നിയമത്തെ മറികടക്കാൻ ഭരണഘടനയുടെ അനുഛേദം 254(2) പ്രകാരം രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതില്ലാത്തത് വ്യക്തമായ ഭരണഘടനാ ലംഘനമാണ്.

മൂന്നാമതായി, ധനകാര്യ മെമ്മോറാണ്ടത്തിലെ പൊരുത്തക്കേടുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധവുമായ വ്യവസ്ഥകളാണ് ബില്ലിലുള്ളത്. ബില്ലിലെ 20-ാം വകുപ്പിൽ എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗര സൈബർ സെൽ സ്ഥാപിക്കുമെന്നും 5, 6, 8 വകുപ്പുകൾ പ്രകാരം സംസ്ഥാന-ജില്ലാ തലങ്ങളിൽ പുതിയ യൂണിറ്റുകളും ഫോറങ്ങളും രൂപീകരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പുതിയ സംവിധാനങ്ങൾക്കുള്ള പ്രത്യേക ഗണ്യമായ അനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നില്ലെന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ സാമ്പത്തിക ബാധ്യത കണക്കാക്കാതെയാണ് നിയമസഭാ ചട്ടങ്ങൾക്ക് വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പ് 23 (2) പ്രകാരം സംസ്ഥാന കരുതൽ നിധി രൂപീകരിക്കേണ്ടത് കോർപ്പസ് ഫണ്ട്, സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന തുകകൾ തുടങ്ങിയവ ചേർന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യമൊന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രതിഫലിക്കുന്നില്ല.

കൂടാതെ നിർദിഷ്ട ബില്ലിലെ 23-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന കരുതൽ നിധിയിലേക്കുള്ള വരവുകൾ ദേശസാൽകൃത ബാങ്കിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കാൻ നിർദേശിച്ചിരിക്കുന്നു. സാധാരണ സർക്കാരിന്റെ ഇത്തരം നിധികൾ സർക്കാർ ട്രഷറികളിലാണ് സൂക്ഷിക്കുന്നത്. സാമ്പത്തിക പ്രയാസം നേരിടുന്ന ഈ ഒരു സമയത്ത് സർക്കാർ ട്രഷറിയിൽനിന്നും ഈ തുക ബാങ്കിലേക്ക് മാറ്റുന്നത് ഒട്ടും അഭികാമ്യമല്ല.

നാലാമതായി, ബില്ലിലെ 28-ാം വകുപ്പിലെ ലിവിംഗ് വിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ അഡ്വാൻസ്ഡ് മെഡിക്കൽ

ഡയറക്ടീവ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള കർശന മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്. 2018-ലെ ചരിത്രപരമായ വിധിയിലൂടെയും പിന്നീട് 2023 ജനുവരിയിൽ വരുത്തിയ സുപ്രധാന ഭേദഗതിയിലൂടെയുമാണ് സുപ്രീംകോടതി ലിവിംഗ് വിൽ തയ്യാറാക്കുന്നതിനുള്ള കർശന വ്യവസ്ഥകൾ പുറപ്പെടുവിച്ചത്. Miscellaneous Application No. 1699 of 2019 in Writ Petition (Civil) No. 215 of 2005, കോടതി നിർദേശിച്ച സുപ്രധാന നടപടിക്രമങ്ങൾ പ്രകാരം ലിവിംഗ് വിൽ സ്വമേധയാ തയ്യാറാക്കിയതാണെന്ന് ഉറപ്പുവരുത്താൻ മുൻഗണനാ അടിസ്ഥാനത്തിൽ സ്വതന്ത്രരായ രണ്ട് സാക്ഷികൾ അതിൽ ഒപ്പ് വയ്ക്കേണ്ടതുണ്ട്. അതുപോലെ ഒരു നോട്ടറി അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ മുമ്പാകെയാണ് ഈ രേഖ സാക്ഷ്യപ്പെടുത്തേണ്ടത്. ഈ രേഖയുടെ പകർപ്പുകൾ പ്രാദേശിക ഭരണകൂടത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതുമുണ്ട്.

എന്നാൽ ഈ ബില്ലിലെ 28-ാം വകുപ്പ് പ്രകാരം ഒരു മുതിർന്ന പൗരന് ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗരസംരക്ഷണ ഫോറത്തിന്റെയോ ജില്ലാതല മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റേയോ ചെയർപേഴ്സന്റെ സാന്നിധ്യത്തിൽ

ലിവിംഗ് വിൽ തയ്യാറാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ലിവിംഗ് വിൽ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ വേണ്ടിയാണ് നോട്ടറിയുടേയോ ഗസറ്റഡ് ഓഫീസറുടേയോ സാക്ഷ്യപ്പെടുത്തലും സാക്ഷികളും കോടതിയിൽ നിർബന്ധമാക്കിയത്. ബില്ലിൽ ഇതൊന്നും പരാമർശിക്കാതെ കേവലം ഒരു ചെയർപേഴ്സന്റെ സാന്നിധ്യം മതിയാകുമെന്ന് പറയുന്നത് സുപ്രീംകോടതി കൊണ്ടുവന്ന സുരക്ഷാ മാനദണ്ഡങ്ങളെ പൂർണമായും ലഘൂകരിക്കുന്നതാണ്. ഭരണഘടനയുടെ അനുഛേദം 141 പ്രകാരം സുപ്രീംകോടതി പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾ രാജ്യത്ത് പരമോന്നത നിയമമായതിനാൽ അത് മറികടക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ല.

രാജ്യത്ത് ആദ്യമായൊരു വയോജന നയം കൊണ്ടുവന്നതും സംസ്ഥാനത്ത് ആദ്യമായി ഒരു വയോജന കമ്മീഷനുണ്ടാക്കിയതും സംസ്ഥാനത്ത് ആദ്യമായി ഒരു വയോജന ബജറ്റ് കൊണ്ടുവന്നതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. അതുകൊണ്ട് ഈ വയോജന ബില്ലിന് ഞങ്ങൾ എതിരല്ല. പക്ഷേ, ഇവിടെ ഈ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് മേല്പറഞ്ഞ ഗുരുതരമായ നിയമപ്രശ്നങ്ങളും ചട്ടലംഘനങ്ങളും നിലനിൽക്കുന്നതിനാൽ ഈ ന്യൂനതകൾ പരിഹരിക്കാതെ പ്രസ്തുത ബിൽ സഭയിൽ അവതരിപ്പിക്കാൻ പാടില്ലെന്ന റൂളിങ് നൽകണമെന്ന്

അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്, ഭാരതീയ നാഗരിക് സുരക്ഷ സംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നാണ്.

ഒന്നാമത്തെ കാര്യം, ഇതൊരു സ്പെഷ്യൽ ആക്ടാണ്. സ്പെഷ്യൽ ആക്ടിൽ പീനൽ പ്രൊവിഷൻസ് കൊടുക്കാനുള്ള നിയമമുണ്ട്. സ്പെഷ്യൽ ആക്കുന്ന നിലയിൽ നമുക്ക് ആ പീനൽ പ്രൊവിഷനായിട്ടാണ് ഇത് വച്ചിരിക്കുന്നത്. ഇനി ഇതിന്റെ വാക്കുകളിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ പരിശോധിക്കാവുന്നതാണ്. സ്പെഷ്യൽ ആക്ടിൽ പീനൽ പ്രൊവിഷൻ കൊടുക്കാം. നമ്മുടെ രാജ്യത്തുള്ള പാർലമെന്റും നിയമസഭകളും പാസ്സാക്കിയിരിക്കുന്ന എല്ലാ സ്പെഷ്യൽ ആക്ടുകളിലും പീനൽ പ്രൊവിഷനുണ്ട്.

രണ്ടാമത്തെ കാര്യം, ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ്. ധനകാര്യ മെമ്മോറാണ്ടത്തിൽ കൃത്യമായി മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള കരുതൽ നിധി രൂപീകരിക്കുന്നതിന് സംസ്ഥാന സഞ്ചിത

നിധിയിൽനിന്നും ആവർത്തന ചെലവിനത്തിൽ പ്രതിവർഷം 25 ലക്ഷം രൂപയും മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കുന്നതിന് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നതിനാൽ പ്രത്യേക ഗണ്യമായ അനാവർത്തന ചെലവുകൾ നിലവിൽ പ്രതീക്ഷിക്കുന്നില്ലെന്നും കാര്യകാരണ സഹിതം ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് റെക്കറിങ് എക്സ്പെൻസിനെക്കുറിച്ചും നോൺ റെക്കറിങ് എക്സ്പെൻസിനെക്കുറിച്ചും സ്പെഷ്യലായി മെൻഷൻ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടത്തിൽ യാതൊരുവിധ അപാകതയുമില്ല. മാത്രമല്ല സംരക്ഷണ ഫാറം രൂപീകരിക്കുന്നതൊന്നും സർക്കാരിന് ചെലവുണ്ടാക്കുന്ന കാര്യങ്ങളല്ല. ഒരു തരത്തിലുള്ള ചെലവും വരുന്നില്ല. ഫോറവും യൂണിറ്റും ഉണ്ടാക്കുന്നതെല്ലാം ഉദ്യോഗസ്ഥരെ വച്ചാണ്. അതിനൊന്നും പ്രത്യേകമായ ചെലവ് വരുന്നില്ല. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടം വളരെ ക്ലിയറായിട്ടാണ് പറഞ്ഞിരിക്കുന്നത്. പിന്നെ ബാങ്കിൽ നിക്ഷേപിക്കുമെന്ന് പറഞ്ഞിരിക്കുന്നത്; ബാങ്കിൽ നിക്ഷേപിക്കുമെന്ന് പറയുന്നത് ധനകാര്യ മെമ്മോറാണ്ടവുമായി ഒരു ബന്ധവുമില്ലാത്ത കാര്യമാണ്. അതും വേണമെങ്കിൽ

സബ്ജക്ട് കമ്മിറ്റിയുടെ സമയത്ത് പരിശോധിച്ച് ട്രഷറിയിലോ ബാങ്കിലോ ഏതിൽ വേണമെന്ന് തീരുമാനിക്കാവുന്നതാണ്. പക്ഷേ, ബാങ്കിൽ നിക്ഷേപിക്കാമെന്ന് ആക്ടിൽ പറയുന്നതുകൊണ്ട് അത് ധനകാര്യ മെമ്മോറണ്ടത്തിൽ പറയുന്ന, റൂൾസ് ഓഫ് ബിസിനസ്സിൽ പറയുന്ന ഒരു കാര്യത്തിനെയും ബാധിക്കുന്നൊരു വിഷയമല്ല.

പ്രധാനപ്പെട്ടൊരു കാര്യം പറഞ്ഞിരിക്കുന്നത്, ബില്ലിലെ വകുപ്പ് 28-ൽ പരാമർശിച്ചിരിക്കുന്ന ലിവിംഗ് വിൽ തയ്യാറാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണെന്ന് പറഞ്ഞിരിക്കുന്നു. ആ വാചകം ഒന്ന് കേൾക്കണം. വകുപ്പ് 28-ൽ പറയുന്നത്; ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ ചെയർപേഴ്സന്റെ സാന്നിധ്യത്തിൽ നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും ലിവിംഗ് വിൽ തയ്യാറാക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതാണ്. അത് എപ്പോഴാണ് നിർണ്ണയിക്കപ്പെട്ടത്? റൂൾസ് ഫ്രെയിം ചെയ്യുമ്പോഴാണ്. ആ റൂൾസ് ആക്ടിൽതന്നെ കൊണ്ടുവരണം. റൂൾസ് ഫ്രെയിം ചെയ്യുന്ന സമയത്ത് സുപ്രീംകോടതിയുടെ മാർഗനിർദേശം റൂൾസിൽ വരും. നിർണ്ണയിക്കപ്പെട്ട എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ആക്ടിലെ പ്രൊവിഷനിൽ

സുപ്രീംകോടതിയുടെ നിർദേശം അനുസരിച്ചുള്ള ക്രമീകരണങ്ങളൊന്നും പറയുന്നില്ല. അവിടെ പറയേണ്ട ആവശ്യമില്ല. ആകട്ടിൽ കൃത്യമായി നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും ലിവിംഗ് വിൽ തയ്യാറാക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതാണെന്ന് പറയുന്നുണ്ട്. റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ തീർച്ചയായും സുപ്രീംകോടതിയുടെ നിർദേശങ്ങൾ കൂടി പരിഗണിച്ചുള്ള പ്രധാനപ്പെട്ട കാര്യങ്ങളുണ്ടാകും. അതുകൊണ്ട് യാതൊരു തരത്തിലും അത് ആവശ്യമില്ല.

ബിൽ പബ്ലിഷ് ചെയ്യുന്നത് ബഹുമാനപ്പെട്ട സ്പീക്കറുടെയും നിയമസഭയുടെയും പരിധിയിലുള്ള കാര്യമാണ്. അത് ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. അക്കാര്യത്തിൽ റൂളിങ് നൽകേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്.